പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4075

26/06/2013 ൽ മറുപടിയ്ക്ക്

കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. ജി. സുധാകരൻ
" സി.കെ. സദാശിവൻ
" ആർ. രാജേഷ്
" എ.എം. ആരീഫ്

മറുപടി

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ) | കെ.ഇ.എൽ. I<br>ഈ സ്കീമിൽ 14 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2 പ്രവൃത്തികൾ മാത്രമേ പൂർത്തിയായിട്ടുള്ളു. ശേഷിച്ചവ പൂർത്തിയാക്കുന്നതിനായി 2014 മാർച്ച് വരെ കാലാവധി ദീർഘിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>കെ.ഇ.എൽ. II<br>ഈ സ്കീമിൽ 3 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവത്തികളിൽ 40% പുരോഗതിയുണ്ട്. പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ കാലാവധി 2014 മാർച്ച് വരെ ദീർഘിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>കെ.ഇ.എൽ III-<br>പ്രവൃത്തികൾ ടെൻഡറിംഗ് ഘട്ടത്തിലാണ്. അടങ്കൽ തുകയായ 379.05 കോടിയിൽ 106.13 കോടിക്കു മാത്രമേ കേന്ദ്ര എംപവേഡ് കമ്മിറ്റിയുടെ ക്ലിയറൻസ് ലഭിച്ചിട്ടുള്ളു. അതിൽ 30 കോടി കേന്ദ്ര വിഹിതവും 10 കോടി സംസ്ഥാന വിഹിതവും ലഭ്യമാക്കിയിട്ടുണ്ട് അതിൽ 3.98 കോടി |

(2)

| | | | |
|---|---|---|---|
| | | | ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് കാലയളവ് ഡിസംബർ 2015 വരെ ദീർഘിപ്പിച്ചു നൽകാൻ കേന്ദ്ര ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>ഓണാട്ടുകരയിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി<br><br>ഈ പ്രവർത്തി ടെൻഡറിംഗ് ഘട്ടത്തിലാണ്. സ്കീം പൂർത്തിയാക്കാൻ 2015 ഡിസംബർ വരെകാലാവധി ദീർഘിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>കുട്ടനാട് പാക്കേജിൽ നടപ്പാക്കാനുദ്ദേശിച്ച് സമർപ്പിച്ച ഫേസ്- II, ഫേസ്- III, ഫേസ് - IV സ്കീമുകൾക്ക് കേന്ദ്രത്തിന്റെ അംഗീകാരം കിട്ടിയിട്ടില്ല. |
| (ബി) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് ഇതുവരെ കേന്ദ്രത്തിൽ നിന്ന് എത്ര ഫണ്ട് ലഭിച്ചെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ; സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചു; | (ബി) | കേന്ദ്രത്തിൽ നിന്നും കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവവകുപ്പിന് ഇതുവരെ 6367.50 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 2393.50 ലക്ഷം രൂപ ചെലവഴിച്ചു. സംസ്ഥാന സർക്കാർ 3991.96 ലക്ഷം രൂപ ചെലവഴിച്ചു. |
| (സി) | നിലവിൽ ഏതൊക്കെ സ്കീമുകൾക്കാണ് കേന്ദ്രം അംഗീകാരം നൽകിയതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കാമോ; | (സി) | കെ.ഇ.എൽ I- ( 24.76 കോടി)<br>കെ.ഇ.എൽ II -( 118.91 കോടി)<br>കെ.ഇ.എൽ. III - (379.05 കോടി)<br>മിറ്റിഗേഷൻ ഓഫ് ഫ്ളഡ് ഇൻ ഓണാട്ടുകര - (248.39 കോടി)<br><br>ഇപ്പോഴത്തെ അവസ്ഥ -<br><br>ഇവയിൽ കെ.ഇ.എൽ.1 സ്കീം- 2013-2014 സാമ്പത്തിക വർഷവും കെ.ഇ.എൽ. II - 2013-2015 സാമ്പത്തിക വർഷവും, മറ്റ് രണ്ട് സ്കീമുകളും 2015-2016 സാമ്പത്തിക വർഷവും പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രം അംഗീകരിച്ച സ്കീമുകൾക്ക് മാത്രമായി എത്ര തുക വേണ്ടി വരുമെന്നും അതിനായി എത്ര തുക നീക്കിവെച്ചിരിക്കുന്നുവെന്നും വിശദമാക്കുമോ ? | (ഡി) | കേന്ദ്രം ഇതുവരെ 771.11 കോടി രൂപയുടെ സ്കീമുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്കായി ഇതുവരെ 63.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്കീമുകൾ പൂർത്തീകരിക്കാനായി ഇനിയും ഏകദേശം 700 കോടി രൂപ വേണ്ടി വരും. 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ കുട്ടനാട് പാക്കേജിന് 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ